



। എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

وَمَا مَنَعَنَآ أَن نُّرْسِلَ بِٱلْـَٔايَـٰتِ إِلَّآ أَن كَذَّبَ بِهَا ٱلْأَوَّلُونَ ۚ وَءَاتَيْنَا
ثَمُودَ ٱلنَّاقَةَ مُبْصِرَةً فَظَلَمُوا۟ بِهَا ۚ وَمَا نُرْسِلُ بِٱلْـَٔايَـٰتِ إِلَّا تَخْوِيفًا ﴿٥٩﴾

59. ദൃഷ്ടാന്തങ്ങളയക്കുന്നതിൽ നിന്ന് നമ്മെ തടയുന്നത് പൂർവജനതകൾ അതിനെ തള്ളി പ്പറഞ്ഞിരിക്കുന്നു എന്നതുമാത്രമാകുന്നു. ഥമൂദ് ഗോത്രത്തിന് നാം ഒട്ടകത്തെ പ്രത്യക്ഷ ദൃഷ്ടാന്തമായി നൽകിയിട്ടുണ്ടായിരുന്നു. പക്ഷേ, അവരതിനോടതിക്രമം കാണിച്ചു. നാം ദൃഷ്ടാന്തങ്ങളയക്കുന്നത് ജനം അതുകണ്ട് ഭയ പ്പെടുവാനത്രെ.

وَإِذْ قُلْنَا لَكَ إِنَّ رَبَّكَ أَحَاطَ بِٱلنَّاسِ ۚ وَمَا جَعَلْنَا ٱلرُّءْيَا ٱلَّتِىٓ
أَرَيْنَـٰكَ إِلَّا فِتْنَةً لِّلنَّاسِ وَٱلشَّجَرَةَ ٱلْمَلْعُونَةَ فِى ٱلْقُرْءَانِ ۚ
وَنُخَوِّفُهُمْ فَمَا يَزِيدُهُمْ إِلَّا طُغْيَـٰنًا كَبِيرًا ﴿٦٠﴾

60. പ്രവാചകാ, നിന്റെ നാഥൻ ജനത്തെ വലയം ചെയ്തിരിക്കുന്നുവെന്ന് നാം നിന്നോട് പറ ഞ്ഞത് ഓർക്കുക. ഇപ്പോൾ നാം നിനക്ക് കാണിച്ചുതന്ന കാഴ്ചകളും ഖുർആനിൽ ശപി ക്കപ്പെട്ട ആ വൃക്ഷവും ജനത്തിന് ഒരു പരീ ക്ഷണമായി മാത്രം ഉണ്ടാക്കിയതാകുന്നു. നാം അവരെ അടിക്കടി താക്കീത് ചെയ്തുകൊണ്ടി രിക്കുന്നു. പക്ഷേ, ഓരോ താക്കീതും അവരുടെ മഹാ ധിക്കാരം വളർത്തുകയേ ചെയ്യുന്നുള്ളൂ.

وَإِذْ قُلْنَا لِلْمَلَـٰٓئِكَةِ ٱسْجُدُوا۟ لِـَٔادَمَ فَسَجَدُوٓا۟ إِلَّآ إِبْلِيسَ قَالَ ءَأَسْجُدُ لِمَنْ
خَلَقْتَ طِينًا ﴿٦١﴾

61. ഓർക്കുക: നാം മലക്കുകളോട് ആദമിനെ പ്രണമിക്കുവിൻ എന്നു കൽപിച്ചപ്പോൾ അവ രൊക്കെയും പ്രണാമം ചെയ്തു; ഇബ്ലീസ് ഒഴിച്ച്. അവൻ ചോദിച്ചു: നീ മണ്ണു കൊണ്ട് പടച്ചവന്ന് ഞാൻ പ്രണാമം ചെയ്യുകയോ?

قَالَ أَرَءَيْتَكَ هَـٰذَا ٱلَّذِى كَرَّمْتَ عَلَىَّ لَئِنْ أَخَّرْتَنِ إِلَىٰ
يَوْمِ ٱلْقِيَـٰمَةِ لَأَحْتَنِكَنَّ ذُرِّيَّتَهُۥٓ إِلَّا قَلِيلًا ﴿٦٢﴾

62. അവൻ തുടർന്നു: നീ എന്നെക്കാൾ ശ്രേഷ്ഠത കൽപിച്ചവൻ അതിനർഹൻ തന്നെ യെന്ന് കരുതിയോ? എന്നാൽ ഉയിർത്തെഴു ന്നേൽപ്പുനാൾ വരെ എനിക്ക് അവസരം തരി കയാണെങ്കിൽ അവന്റെ വംശത്തെ മുഴുവൻ ഞാൻ കടിഞ്ഞാണിടുക തന്നെ ചെയ്യും. അവ രിൽ തുഛമാളുകളെ എന്റെ നിയന്ത്രണ ത്തിൽനിന്നു മുക്തരാകൂ.

وَمَا مَنَعَنَآ = നമ്മെ തടയു(ന്നത്)ന്നില്ല   أَن نُّرْسِلَ = നാം അയക്കുന്നത്   بِٱلْـَٔايَـٰتِ = ദൃഷ്ടാന്തങ്ങൾ

إِلَّآ أَن كَذَّبَ بِهَا = അതിനെ തള്ളിപ്പറഞ്ഞിരിക്കുന്നു എന്നത് അല്ലാതെ(മാത്രമാകുന്നു)

ٱلْأَوَّلُونَ = പ്രഥമന്മാർ(പൂർവ ജനതകൾ)   وَءَاتَيْنَا = നാം ദൃഷ്ടാന്തമായി നൽകിയിട്ടുണ്ടായിരുന്നു

ثَمُودَ = ഥമൂദ് ഗോത്രത്തിന്   ٱلنَّاقَةَ = ഒട്ടകത്തെ   مُبْصِرَةً = പ്രത്യക്ഷമായ, കാണപ്പെടുന്ന

فَظَلَمُوا۟ بِهَا = അപ്പോൾ (പക്ഷേ) അവരതിനോടതിക്രമം കാണിച്ചു  وَمَا نُرْسِلُ بِٱلْـَٔايَـٰتِ = നാം ദൃഷ്ടാന്തങ്ങളയക്കുന്നില്ല
إِلَّا تَخْوِيفًا = ഭയപ്പെടുത്തലായിട്ടല്ലാതെ (ജനം ഭയപ്പെടുവാനത്രെ)
وَإِذْ قُلْنَا لَكَ = (പ്രവാചകാ) നാം നിന്നോട് പറഞ്ഞത് ഓർക്കുക  إِنَّ رَبَّكَ = തീർച്ചയായും നിന്റെ നാഥൻ
أَحَاطَ = വലയം ചെയ്തിരിക്കുന്നു (എന്ന്)  بِٱلنَّاسِ = ജനത്തെ  وَمَا جَعَلْنَا = നാം ആക്കിയിട്ടില്ല (ഉണ്ടാക്കിയതാകുന്നു)
ٱلرُّءْيَا = കാഴ്ച(കളും)  ٱلَّتِىٓ أَرَيْنَـٰكَ = (ഇപ്പോൾ) നാം നിന്നെ കാണിച്ചതായ
إِلَّا فِتْنَةً = ഒരു പരീക്ഷണമായി(മാത്രം)ട്ടല്ലാതെ  لِّلنَّاسِ = ജനത്തിന്  وَٱلشَّجَرَةَ ٱلْمَلْعُونَةَ = ശപിക്കപ്പെട്ട ആ വൃക്ഷവും
فِى ٱلْقُرْءَانِ = ഈ ഖുർആനിൽ
وَنُخَوِّفُهُمْ = നാം അവരെ ഭയപ്പെടുത്തുന്ന (അടിക്കടി താക്കീതു ചെയ്തുകൊണ്ടിരിക്കുന്നു)
فَمَا يَزِيدُهُمْ = (പക്ഷേ) അത് (ഒരോ താക്കീതും) വളർത്തി(ുകയേ ചെയ്യുന്നുള്ളൂ)യില്ല
إِلَّا طُغْيَـٰنًا كَبِيرًا = അവരുടെ മഹാധിക്കാരം അല്ലാതെ  وَإِذْ قُلْنَا = നാം പറഞ്ഞത് (ഓർക്കുക, നാം കൽപിച്ചപ്പോൾ)
لِلْمَلَـٰٓئِكَةِ = മലക്കുകളോട്  ٱسْجُدُوا۟ = പ്രണമിക്കുവീൻ  لِـَٔادَمَ = ആദമിന്ന്  فَسَجَدُوٓا۟ = അവർ (ഒക്കെയും പ്രണാമം ചെയ്തു)
إِلَّآ إِبْلِيسَ = ഇബ്‌ലീസ് ഒഴിച്ച്  قَالَ = അവൻ പറഞ്ഞു (ചോദിച്ചു)  ءَأَسْجُدُ = ഞാൻ പ്രണാമം ചെയ്യുകയോ?
لِمَنْ خَلَقْتَ = നീ പടച്ചവന്  قَالَ = അവൻ പറഞ്ഞു(തുടർന്നു)  أَرَءَيْتَكَ = നീ നിന്നെ കണ്ടുവോ(നീ കരുതിയോ)
طِينًا = കളിമണ്ണാൽ (മണ്ണുകൊണ്ട്)  هَـٰذَا ٱلَّذِى كَرَّمْتَ عَلَىَّ = നീ എന്റെ മേൽ ആദരിച്ച ഇവൻ
(എന്നെക്കാൾ ശ്രേഷ്ഠത കൽപിച്ചവൻ അതിനർഹനാണെന്നു)
لَئِنْ أَخَّرْتَنِ = നീ എന്നെ പിന്തിച്ചെങ്കിൽ (എനിക്ക് അവസരം തരികയാണെങ്കിൽ)
إِلَىٰ يَوْمِ ٱلْقِيَـٰمَةِ = ഉയിർത്തെഴുന്നേൽപ്പുനാൾ വരെ  لَأَحْتَنِكَنَّ = ഞാൻ കടിഞ്ഞാണിടും, പിഴുതുകളയും
ذُرِّيَّتَهُۥٓ = അവന്റെ സന്തതികളെ (വംശത്തെ മുഴുവൻ)
إِلَّا قَلِيلًا = (അവരിൽ) തുഛം അല്ലാതെ, (ആളുകളെ എന്റെ നിയന്ത്രണത്തിൽ നിന്ന് മുക്തരാകൂ)

**59.** പ്രവാചകനോട് ദൃഷ്ടാന്തങ്ങളവതരിപ്പിക്കാൻ മുറവിളി കൂട്ടുന്നവരെ സംബോധന ചെയ്യുകയാണീ സൂക്തം. ആളുകൾ ആവശ്യപ്പെടുമ്പോഴൊക്കെ ദൃഷ്ടാന്തങ്ങളവതരിപ്പിക്കാത്തത് അല്ലാഹുവിന്നത് പ്രയാസമുള്ള കാര്യമായതുകൊണ്ടല്ല; മറിച്ച് അവന്റെ യുക്തിജ്ഞതകൊണ്ടും മനുഷ്യരോടുള്ള കാരുണ്യം കൊണ്ടുമാണ്. സത്യം സ്വീകരിക്കാനുള്ള താൽപര്യമല്ല അധികമാളുകളെയും ദൃഷ്ടാന്തം ചോദിക്കാൻ പ്രേരിപ്പിക്കുന്നതെന്ന് അല്ലാഹുവിന്ന് നന്നായറിയാം. സത്യം തള്ളിക്കളയാനുള്ള ന്യായം തേടുകയാണവർ. ദൃഷ്ടാന്തങ്ങളവതരിപ്പിച്ചപ്പോൾ പൂർവ സമുദായങ്ങളിൽ പലതും തള്ളിപ്പറയുകയാണുണ്ടായിട്ടുള്ളത്. ദൃഷ്ടാന്തങ്ങളവതരിപ്പിക്കുന്നത്, ജനങ്ങൾ അതു കണ്ട് ബോധവാന്മാരാകാനും അവർ താക്കീതു ചെയ്യപ്പെടുന്ന ദൈവിക ശിക്ഷ ഭയന്ന് സത്യത്തിലേക്കുമടങ്ങാനുമാണ്. പക്ഷേ, ദൃഷ്ടാന്തങ്ങൾ കണ്ട് ബോധവാന്മാരാകുന്നതിനുപകരം അവയെ തള്ളിപ്പറഞ്ഞുകൊണ്ട് കൂടുതൽ കനത്ത ബോധശൂന്യതയിലേക്കാണ്ടുപോവുകയും ശിക്ഷയുടെ കവാടം തങ്ങളുടെ മേൽ സ്വയം തുറന്നിടുകയുമായാണ് പല പൂർവ സമുദായങ്ങളും ചെയ്തത്. ഥമൂദ് ഗോത്രം അറബികൾക്ക് പരിചിതമാണല്ലോ. അവരാവശ്യപ്പെട്ടതനുസരിച്ച് അല്ലാഹു ഒരു ഒട്ടകത്തെ ദൃഷ്ടാന്തമായി അയച്ചിരുന്നു. സത്യനിഷേധത്തിലും ധർമവിരോധത്തിലും അന്ധരായിരുന്നില്ലെങ്കിൽ അവർക്കത് സത്യവിശ്വാസത്തിനും സന്മാർഗലബ്ധിക്കും ഉപകരിക്കുമായിരുന്നു. പക്ഷേ, ദൈവിക ദൃഷ്ടാന്തത്തെ ഗൗരവബുദ്ധ്യാ കാണാനോ, മാനിക്കാനോ, ഥമൂദ് ജനത കൂട്ടാക്കിയില്ല. അവരാ ഒട്ടകത്തെ നിസ്സങ്കോചം കശാപ്പു ചെയ്തു. അങ്ങനെ ആ ദൃഷ്ടാന്തം അവർ രക്ഷിക്കപ്പെടുന്നതിനുപകരം പെട്ടെന്ന് ശിക്ഷിക്കപ്പെടുന്നതിനാണ് കാരണമായിത്തീർന്നത്.

وَمَا نُرْسِلُ... എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: അല്ലാഹു ഒരു ദൃഷ്ടാന്തവും അയക്കുന്നത് ജനങ്ങളെ ശിക്ഷിക്കുന്നതിനു വേണ്ടിയല്ല. യഥാർഥ ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പു നൽകിക്കൊണ്ട് അവരെ അതിന്റെ മാർഗത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നതിനു വേണ്ടിയാണ്. പക്ഷേ, അസത്യത്തിന്റെ ആന്ധ്യത്തിലാണ്ടവർ അതൊന്നും അംഗീകരിക്കുകയില്ല. ദൃഷ്ടാന്തങ്ങളെ പലവക ന്യായങ്ങൾ ചമച്ച് തള്ളിക്കളയുന്നു. പ്രവാചകന്മാർ കാണിക്കുന്ന ദിവ്യാത്ഭുതങ്ങൾ മാരണവും മായാജാലവുമായി വിലയിരുത്തപ്പെടുന്നു. ക്ഷാമവും മഹാമാരിയുമാണെങ്കിൽ അത്തരം കാലദോഷങ്ങൾ എല്ലാവരും നേരിടാറുണ്ടെന്ന് പറഞ്ഞുതള്ളുന്നു. സാക്ഷാൽ ദൈവിക ശിക്ഷ തന്നെ വന്നുഭവിച്ചാലേ അവരംഗീകരിക്കാൻ തയാറുള്ളൂ. പക്ഷേ, ശിക്ഷ വന്നുഭവിച്ച ശേഷം വിശ്വസിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല.

**60.** ഇനി പ്രവാചകന്റെ മുമ്പിലുണ്ടായിരുന്ന അവിശ്വാസികളെക്കുറിച്ചു ചില കാര്യങ്ങൾ പറയുകയാണ്. ആവശ്യപ്പെടുന്നതനുസരിച്ച് ദൃഷ്ടാന്തങ്ങളവതരിപ്പിച്ചാൽ ഇവരും പൂർവികരെപ്പോലെ തള്ളിക്കളയുകയേയുള്ളൂ. അന്ധവിശ്വാസങ്ങ

ളിൽ നിന്ന് മോചിപ്പിച്ച് ഉദ്ബുദ്ധരാക്കാൻ നാം ഇതുവരെ നൽകിയ ഉൽബോധനങ്ങളെയും ഉപദേശങ്ങളെയുമെല്ലാം അവർ പരിഹസിച്ചു തള്ളുകയാണല്ലോ ചെയ്തത്. ഉദാഹരണം മനുഷ്യരൊക്കെയും നിന്റെ നാഥന്റെ അധികാരത്തിന്റെയും ശക്തിയുടെയും വലയത്തിനകത്താണെന്നു പറഞ്ഞപ്പോൾ, അതിന്റെ അർഥമുൾക്കൊള്ളാൻ അവർ ഒട്ടും തയാറായില്ല. അല്ലാഹു കൽപിച്ചതു പ്രകാരം പ്രബോധനം തുടരുക. ശത്രുക്കളുടെ ദ്രോഹങ്ങളിൽ നിന്ന് അല്ലാഹു പ്രവാചകനെ രക്ഷിക്കും. അവസാന വിജയം അല്ലാഹുവിന്റെ ദീനിനു തന്നെയായിരിക്കും എന്നാണവൻ സൂചിപ്പിച്ചത്. ഈ അർഥങ്ങൾ ഖുർആൻ മറ്റു സ്ഥലങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. وَٱللَّهُ يَعْصِمُكَ مِنَ ٱلنَّاسِ (ശത്രു ജനങ്ങളിൽ നിന്ന് അല്ലാഹു നിന്നെ രക്ഷിച്ചുകൊള്ളും–5:67) سَيُهْزَمُ ٱلْجَمْعُ وَيُوَلُّونَ ٱلدُّبُرَ (നിനക്കെതിരെ സംഘടിച്ച പടകൾ തോറ്റു തിരിഞ്ഞോടുക തന്നെ ചെയ്യും–54:45). قُل لِّلَّذِينَ كَفَرُوا۟ سَتُغْلَبُونَ وَتُحْشَرُونَ إِلَىٰ جَهَنَّمَ (പ്രവാചകൻ സത്യനിഷേധികളോടു പറയുക: ഇവിടെ അവർ പരാജയപ്പെടുകയും നാളെ നരകത്തിൽ ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യും–3:12). ഇതൊക്കെ കേൾക്കുമ്പോൾ മുഹമ്മദ് ഓരോ പൊങ്ങച്ചങ്ങൾ പറഞ്ഞ് ഞങ്ങളെ വിരട്ടാൻ നോക്കുന്നുവെന്ന് പരിഹസിക്കുകയാണവർ.

നിനവിൽ കണ്ണു കൊണ്ടുള്ള കാഴ്ചക്കും നിദ്രയിലുണ്ടാകുന്ന സ്വപ്ന ദർശനത്തിനും ഉപയോഗിക്കുന്ന പദമാണ് رُؤيا. ഇവിടെ ഉദ്ദേശ്യം ആദ്യത്തെതാണെന്ന് ഭൂരിപക്ഷം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ബുഖാരി ഉദ്ധരിക്കുന്നു. "ആകാശാരോഹണ രാത്രിയിൽ റസൂൽ തിരുമേനി സ്വന്തം കണ്ണുകൊണ്ട് കണ്ട കാഴ്ചയാണത്" ചിലർ അതിനെ സ്വപ്നദർശനം എന്ന അർഥത്തിലാണ് എടുത്തിട്ടുള്ളത്. രാപ്രയാണം ഒരു സ്വപ്നമായിരുന്നുവെന്നതിന് തെളിവായി അവരതുന്നയിക്കുകയും ചെയ്യുന്നു. "നാം നിനക്കു കാട്ടിത്തന്ന കാഴ്ച" ഇസ്റാഅ്–മിഅ്റാജിലെ കാഴ്ചകളായിരുന്നുവെന്ന കാര്യത്തിൽ തർക്കമില്ല.

യഥാർഥ വിശ്വാസികളെയും അവിശ്വാസികളെയും വേർതിരിക്കുന്ന ഒരു പരീക്ഷണം തന്നെയായിരുന്നു നിന്റെ ഇസ്റാഅ് അനുഭവം. പ്രവാചകനാണ് പറയുന്നത് എന്നതുകൊണ്ട് യഥാർഥ വിശ്വാസികൾ അതു സത്യപ്പെടുത്തി. അതു വഴി അവരുടെ വിശ്വാസവും ദൈവഭയവും വർധിച്ചു. ദുർബല വിശ്വാസികളും അവിശ്വാസികളും അതിനെ പുഛിച്ചു തള്ളി. വാസ്തവത്തിൽ മസ്ജിദുൽ ഹറാമിന്റെയും മസ്ജിദുൽ അഖ്സായുടെയും ഇപ്പോഴത്തെ അവകാശിക്ക് അതിന്റെ പരിപാലനാവകാശം നഷ്ടപ്പെടാൻ പോകുന്നുവെന്ന സൂചനയുൾക്കൊള്ളുന്നതാണാ സംഭവം. പക്ഷേ, രണ്ടു പള്ളികളുടെയും അവകാശികൾ–യഹൂദരും ഖുറൈശികളും–ആ മുന്നറിയിപ്പ് ഒട്ടും ഗൗനിച്ചില്ല.

ഖുർആനിലെ അഭിശപ്ത വൃക്ഷം സഖൂം എന്ന പേരിലറിയപ്പെടുന്ന വൃക്ഷമാണ്. സൂറഃ അസ്സ്വാഫ്ഫാത് 64–67 സൂക്തങ്ങളിൽ ഈ വൃക്ഷത്തെ പരിചയപ്പെടുത്തുന്നു:

إِنَّهَا شَجَرَةٌ تَخْرُجُ فِىٓ أَصْلِ ٱلْجَحِيمِ ﴿٦٤﴾ طَلْعُهَا كَأَنَّهُۥ رُءُوسُ
ٱلشَّيَـٰطِينِ ﴿٦٥﴾ فَإِنَّهُمْ لَـَٔاكِلُونَ مِنْهَا فَمَالِـُٔونَ مِنْهَا ٱلْبُطُونَ ﴿٦٦﴾ ثُمَّ إِنَّ
لَهُمْ عَلَيْهَا لَشَوْبًا مِّنْ حَمِيمٍ ﴿٦٧﴾

(നരകത്തിന്റെ അടിത്തട്ടിൽ നിന്ന് വെളിപ്പെടുന്ന ഒരു വൃക്ഷമാണത്. അതിന്റെ കുലകൾ ചെകുത്താൻ തലകൾ പോലിരിക്കും. നരകക്കാർ അതു തിന്നുകയും അതുകൊണ്ട് വയറു നിറക്കുകയും ചെയ്യും) അദ്ദുഖാൻ 43–44 ൽ പറയുന്നു: إِنَّ شَجَرَتَ ٱلزَّقُّومِ ﴿٤٣﴾ طَعَامُ ٱلْأَثِيمِ ﴿٤٤﴾ (സഖൂം വൃക്ഷം പാപികൾക്കാഹാരമാകുന്നു). അൽ വാഖിഅ 51–52 ൽ പറയുന്നു: ثُمَّ إِنَّكُمْ أَيُّهَا ٱلضَّآلُّونَ ٱلْمُكَذِّبُونَ ﴿٥١﴾ لَـَٔاكِلُونَ مِن شَجَرٍ مِّن زَقُّومٍ ﴿٥٢﴾ (അല്ലയോ പിഴച്ചുപോയ നിഷേധികളേ, നിങ്ങൾ സഖൂം വൃക്ഷത്തിൽനിന്നു തീർച്ചയായും തിന്നുന്നതാകുന്നു).

ഈ പരാമർശം അവതരിച്ച പശ്ചാത്തലം ഇങ്ങനെ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: അബൂജഹൽ ഘോഷിച്ചു: നരകാഗ്നിയിൽ കല്ലുകൾ കത്തുമെന്ന് നിങ്ങളുടെ ചങ്ങാതി പറയുന്നുണ്ടല്ലോ. പിന്നെ മൂപ്പർ തന്നെ പറയുന്നു; നരകത്തിൽ തീ കത്താത്ത വൃക്ഷമുണ്ടെന്നും. അബ്ദുല്ലാഹിബിൻ സഅ്ബറയും ഇങ്ങനെ പറഞ്ഞതായി നിവേദനമുണ്ട്. അവർ ഇങ്ങനെയും പരിഹസിച്ചിരുന്നു: 'യമനി ഭാഷയിൽ സഖൂം എന്നാൽ വെണ്ണ ചേർത്ത കാരക്കയാണ്.' അബൂ ജഹൽ തന്റെ വേലക്കാരിയോട് വെണ്ണയും കാരക്കയും കൊണ്ടുവരാൻ പറയും. അതു കൊണ്ടു വന്നാൽ അയാൾ കൂട്ടുകാരോടു പറയും: تزقّموا (സഖൂം വിഴുങ്ങിക്കോളിൻ). സാധാരണ തീയിൽ കത്താത്ത എത്രയോ വസ്തുക്കളുണ്ട്. അവയൊക്കെയും കത്തുന്ന അസാധാരണമായ തീയുമുണ്ട്. കല്ലു കത്തുന്ന തീ സൃഷ്ടിച്ചവന് തീപ്പിടിക്കാത്ത മരവും സൃഷ്ടിക്കാനാകുമെന്ന് അവർ ചിന്തിക്കുന്നില്ല. നരകത്തിന്റെ ഭയാനകതയെക്കുറിച്ചും ചിന്തിച്ചില്ല. ചിന്തിച്ചിരുന്നുവെങ്കിൽ അല്ലാഹുവിന്റെ മഹത്വത്തിലേക്കും അവന്റെ രക്ഷാശിക്ഷകളിലേക്കും ഉണരാൻ അവർക്കു കഴിയുമായിരുന്നു. ഈ പരീക്ഷണങ്ങളിലൂടെയെല്ലാം അല്ലാഹു അവരെ ബോധവൽക്കരിക്കാനും ഭയപ്പെടുത്താനും തന്നെയാണുദ്ദേശിക്കുന്നത്. പക്ഷേ, സത്യത്തോടും ധർമത്തോടുമുള്ള ധിക്കാരവും ധാർഷ്ട്യവും കൂടുതൽ വളർത്താൻ മാത്രമേ അവരതുപയോഗപ്പെടുത്തുന്നുള്ളൂ. ഇങ്ങനെയൊരു വൃക്ഷത്തെ കുറിച്ചു പറഞ്ഞതിലൂടെയും അല്ലാഹു അവരുടെ സത്യബോധത്തെയും ചിന്താഗതിയെയും പരീക്ഷിക്കുകയാണ്.

**61,62.** ഇവിടം മുതൽ 65–ാം സൂക്തം വരെ ചെകുത്താന്റെ മനുഷ്യ വിരോധവും മനുഷ്യനെ നശിപ്പിക്കാൻ അവൻ എടുത്തിട്ടുള്ള പ്രതിജ്ഞയും അത് പൂർത്തീകരിക്കാൻ അവലംബിക്കുന്ന മാർഗങ്ങളും അനുസ്മരിക്കുകയാണ്. ഉൽപത്തി കഥ ഇതിനുമുമ്പ് *അൽബഖറ* 30–39, *അൽഅ്റാഫ്* 11–25, *അൽഹിജ്ർ* 28–43 സൂക്തങ്ങളിൽ വന്നിട്ടുണ്ട്. സൂറഃ അൽകഹ്ഫ്, ത്വാഹാ, സ്വാദ് എന്നീ സൂറഃകളിൽ ഇനിയും ആവർത്തിക്കുന്നുമുണ്ട്. സൃഷ്ടി കഥയുടെ വിവിധ പൊരുളുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുമ്പോഴാണ് ഈ ആവർത്തനങ്ങൾ. ഓരോ സന്ദർഭത്തിലും ആ സന്ദർഭവുമായി ബന്ധപ്പെട്ട അർഥം പ്രകാശിതമാകുന്ന ഭാഷയും ശൈലിയുമാണ് കഥാകഥനത്തിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. പ്രവാചക സന്ദേശം സ്വീകരിക്കാൻ അദ്ദേഹം ദിവ്യാത്ഭുതങ്ങളും ദൃഷ്ടാന്തങ്ങളും അവതരിപ്പിക്കണം എന്ന അവിശ്വാസികളുടെ ആവശ്യത്തെക്കുറിച്ചായിരുന്നു മുൻ സൂക്തങ്ങൾ സംസാരിച്ചത്. ആളുകളെ സത്യ–ധർമങ്ങൾ നിഷേധിക്കാൻ പ്രേരിപ്പിക്കുന്നത് യഥാർഥത്തിൽ അവരുടെ അഹന്തയും ധാർഷ്ട്യവുമാണ്.

ഈ അഹന്തയുടെയും ധാർഷ്ട്യത്തിന്റെയും മൗലിക സ്രോതസ്സ് ചൂണ്ടിക്കാണിക്കുകയാണ്.

സൃഷ്ടിയുടെ ആരംഭത്തിൽ ആദി പിതാവ് ആദമിന് പ്രണാമം ചെയ്യാൻ ഇബ്‌ലീസ് വിസമ്മതിച്ചത് അവന്റെ ധിക്കാര മനോഭാവവും തൻപ്രമാണിത്തവും മൂലമായിരുന്നു. മണ്ണുകൊണ്ട് സൃഷ്ടിച്ച ആദമിനെ പ്രണമിക്കുന്നത് തീ കൊണ്ട് സൃഷ്ടിച്ച തനിക്കു കുറച്ചിലായി ഇബ്‌ലീസ് കരുതി. അവൻ അല്ലാഹുവിന്റെ അറിവിനെയും അധികാരത്തെയും നീതിയെയും ചോദ്യം ചെയ്തു. മനുഷ്യരിലധിക പേരും അല്ലാഹു നൽകിയ ആദരവിനർഹരല്ലെന്ന് താൻ കാണിച്ചുതരാമെന്ന് വെല്ലുവിളിച്ചു. മനുഷ്യനോടുള്ള അസൂയയും വിദ്വേഷവുമാണ് അതിനവനെ ധൃഷ്ടനാക്കിയത്. അതുപോലെ മുഹമ്മദിന്റെ പ്രവാചകത്വം അംഗീകരിക്കുന്നതും അദ്ദേഹത്തെ പിൻപറ്റുന്നതും തങ്ങൾക്കു കുറച്ചിലാണെന്ന് അവിശ്വാസികൾ കരുതുന്നു. അദ്ദേഹത്തോടുള്ള അസൂയ മൂലം അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെ എങ്ങനെയും പരാജയപ്പെടുത്താൻ ശ്രമിക്കുകയാണവർ. തങ്ങളെ രക്ഷയിലേക്കു നയിക്കാൻ വന്ന പ്രവാചകനെവിട്ട്, ശിക്ഷയിലേക്ക് നയിക്കാൻ പ്രതിജ്ഞാബദ്ധനായ ചെകുത്താനെയാണ് അവർ അനുഗമിക്കുന്നത്. അങ്ങനെ ചെകുത്താന്റെ ലക്ഷ്യം സാധിച്ചുകൊടുക്കുകയാണവർ.

رأيت (നീ കണ്ടു) യോട് മധ്യമപുരുഷ സൂചകമായ ك ചേർന്നതാണ് رأيتك. മുന്നിലുള്ള أ ചോദ്യസൂചകമാണ്. മധ്യമപുരുഷ ഭൂതകാലക്രിയയായ رأيت യോട് പിന്നെയും ك എന്ന സർവനാമം ചേർക്കുന്നത് ദൃഢീകരണത്തി(توكيد)നു വേണ്ടിയാണ്. أرأيت انت എന്നുപറയുന്നതുപോലെയാണിത്. رأي യുടെ ഭാഷാർഥം കണ്ടു എന്നാണെങ്കിലും അഭിപ്രായപ്പെട്ടു, കരുതി, മനസ്സിലാക്കി തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കുന്നു.

لَأَحْتَنِكَنَّ എന്ന പദം احتناك ൽ നിന്നുള്ളതാണ്. കടിഞ്ഞാണിടുക എന്നും പിഴുതു കളയുക എന്നും ഇതിന്നർഥമുണ്ട്. കടിഞ്ഞാണിടുക എന്ന അർഥത്തിൽ എടുക്കുമ്പോൾ മനുഷ്യരെയെല്ലാം എന്റെ നിയന്ത്രണത്തിൽ, എന്റെ ആജ്ഞാനുവർത്തികളാക്കും എന്നാണാശയം. പിഴുതു കളയുക എന്ന അർഥത്തിലെടുക്കുമ്പോൾ അവരെ സന്മാർഗത്തിൽനിന്ന് അല്ലെങ്കിൽ നീ അരുളിയ ശ്രേഷ്ഠ പദവിയിൽനിന്ന് പിഴുതെറിയും എന്നും. സൂറഃ അന്നിസാഇൽ ചെകുത്താന്റെ പ്രതിജ്ഞ ഉദ്ധരിക്കുന്നത്. وَلَأُضِلَّنَّهُمْ وَلَأُمَنِّيَنَّهُمْ وَلَآمُرَنَّهُمْ (ഞാൻ അവരെ പിഴപ്പിക്കും, വ്യാമോഹങ്ങളിലകപ്പെടുത്തും, ഞാനവർക്ക് ആജ്ഞകൾ നൽകും...) എന്നിങ്ങനെയാണ്. സൂറഃ അൽഹിജ്റിൽ ചെകുത്താനെ ഉദ്ധരിക്കുന്നത്. لَأُزَيِّنَنَّ لَهُمْ فِي الْأَرْضِ وَلَأُغْوِيَنَّهُمْ أَجْمَعِينَ (ഞാനവർക്ക് കൗതുകങ്ങൾ കാണിച്ചുകൊടുക്കും. സകലരെയും പിഴപ്പിക്കുകയും ചെയ്യും) എന്നാണ്. ഇബ്‌ലീസ് തന്റെ പ്രതിജ്ഞ പല വാചകങ്ങളിൽ ആവർത്തിച്ചിട്ടുണ്ടാവാം. അല്ലെങ്കിൽ ഈ അർഥങ്ങളെല്ലാം ഉൾക്കൊള്ളുന്ന വാക്കുകളിലായിരിക്കാം മൂലപ്രതിജ്ഞ. ഖുർആൻ വ്യത്യസ്ത സന്ദർഭങ്ങളിലായി ആ അർഥങ്ങളെല്ലാം വെളിപ്പെടുത്തുകയാണ്. വിവിധ പദങ്ങൾ മനുഷ്യനെ തോൽപിക്കാൻ സ്വീകരിക്കപ്പെടുന്ന വിവിധ തന്ത്രങ്ങളെ സൂചിപ്പിക്കുന്നു. ■